പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7923 — 24.07.2012-ൽ മറുപടിയ്ക്ക്

# വൈദ്യുതി ബോർഡിൻെറ കമ്പനിവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ :<br>ശ്രീ. ഇ. കെ. വിജയൻ :<br>ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ബോർഡ് കമ്പനി വൽക്കരിക്കുമ്പോൾ ജീവനക്കാരുടെ ആനുകൂല്യങ്ങളെ സംബന്ധിച്ച് ഏതെങ്കിലും തരത്തി ലുള്ള തീരുമാനം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിലവിലുള്ള ഏതെല്ലാം ആനുകൂല്യങ്ങൾ സംരക്ഷിക്കപ്പെടുമെന്നും ഏതെല്ലാം ആനുകൂല്യങ്ങൾ നഷ്ട പ്പെടാനിടയുണ്ടെന്നും വ്യക്തമാക്കുമോ ; | (എ) സംസ്ഥാന വൈദ്യുതി ബോർഡ് കമ്പനിയായി പുനഃസംഘടിപ്പിക്കുമ്പോൾ നിലവില്ലള്ള ജീവനക്കാരുടെയും പെൻഷൻകാരുടെയും എല്ലാ ആനുകൂല്യങ്ങളും സംരക്ഷിച്ചുകൊണ്ട് അവർക്ക് ദോഷം വരാത്ത രീതിയിൽ 2003-ലെ വൈദ്യുതി നിയമത്തിലെ വ്യവസ്ഥകൾക്ക വിധേയമായി നടപടി ക്രമങ്ങൾ സ്വീകരിക്കുന്നതിനാണ് ബോർഡും സർക്കാരും ഉദ്ദേശിക്കുന്നത്. |
| (ബി) കമ്പനിവൽക്കരണത്തിലൂടെ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടോ ; ഉണ്ടെങ്കിൽ അതു സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (ബി) ഇല്ല.<br>നിലവിലുള്ള ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം കമ്പനിവൽക്കരണത്തിലൂടെ നഷ്ടപ്പെടാൻ സാദ്ധ്യതയില്ല. |
| (സി) വൈദ്യുതി ബോർഡ് കമ്പനിവൽക്കരണ തീരുമാനം ഉപേക്ഷിക്കാൻ തയ്യാറാകുമോ ? | (സി) 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം കേരള സംസ്ഥാന വൈദ്യു തി ബോർഡിനെ 1956 ലെ ഇൻഡ്യൻ കമ്പനി നിയമത്തിൻ കീഴിൽ പൊതു മേഖലയിലുള്ള ഒരു കമ്പനിയായി പുന:സംഘടിപ്പിക്കുന്നതിന് 25-08-2008ലെ സർക്കാർ ഉത്തരവ് (എം.എസ്) 29/08/പി.ഡി നമ്പർ ഉത്തരവിലൂടെ സർക്കാർ തീരുമാനമെടുക്കുകയുണ്ടായി. തുടർന്ന് 25-09-2008-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 37/2008/ഊ.വ പ്രകാരം കെ. എസ്. ഇ. ബിയുടെ ആസ്തി ബാദ്ധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് |

കേരള ഇലക്ട്രിസിറ്റി ഫസ്റ്റ് ട്രാൻസ്ഫർ സ്കീം, 2008 പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി ബാദ്ധ്യതകൾ ഇൻഡ്യൻ കമ്പനി നിയമത്തിനു കീഴിൽ രൂപീകരിക്കുന്ന കമ്പനിയിലേക്ക് 30-09-2009 നു മുമ്പ് പുനർനിക്ഷിപ്തമാക്കണമെന്നാണ് ഫസ്റ്റ് ട്രാൻസ്ഫർ സ്കീമിൻെറ ഖണ്ഡിക 6(1) അനുശാസിച്ചിരുന്നത്. ഇതിനായുള്ള നടപടിയുടെ ഭാഗമായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി 14-01-2011ന് രജിസ്റ്റർ ചെയ്യുകയും ചെയ്തു. വൈദ്യുതി ബോർഡിൻെറ ആസ്തി-ബാദ്ധ്യതകളെയും ജീവനക്കാരെയും പുതിയ കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള കേരള ഇലക്ട്രിസിറ്റി സെക്കൻഡ് ട്രാൻസ്ഫർ സ്കീം (റീ-വെസ്റ്റിംഗ്) വിജ്ഞാപനം ചെയ്യുക എന്നത് സർക്കാരിൻെറ നിയമപരമായ ബാദ്ധ്യതയായതിനാൽ വൈദ്യുതി ബോർഡിൻെറ കമ്പനിവൽക്കരണം ഉപേക്ഷിക്കാൻ നിർവ്വാഹമില്ല.

**സെക്ഷൻ ഓഫീസർ.**